**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 843** **11-02-2025 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ നൈപുണ്യ വികസന പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി, പട്ടികവർഗ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്കായി നടപ്പിലാക്കുന്ന തൊഴിലധിഷ്ഠിത നൈപുണ്യവികസന പരിശീലന പരിപാടികളുടെ ഭാഗമായി കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ നിന്നും എത്രപേർക്ക് പരിശീലനം നല്കിയിട്ടുണ്ട്; വിശദമാക്കാമോ; | (എ) | പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്കായി നടപ്പിലാക്കുന്ന നൈപുണ്യ വികസന പരിശീലന പരിപാടികളുടെ ഭാഗമായി കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ നിന്നും പട്ടികജാതി വിഭാഗത്തിൽപ്പെട്ട41 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട് \|വിശദാംശം ചുവടെ ചേർക്കുന്ന .<br><br>പരിശീലനം പരിശീലനാർത്ഥികളുടെ എണ്ണം<br><br>Patient Care Management 4<br><br>Welding 8<br><br>Pipe fitter/Fabricator 7<br><br>Certified nursing Assistant 4<br><br>Automobile Engineering 18<br><br>പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ആരും പങ്കെടുത്തിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം പരിശീലനം നേടിയിട്ടുള്ളവരിൽ എത്രപേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ടെന്നും എത്രപേർ പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | പരിശീലനം നേടിയ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 41 പേർക്കും തൊഴിൽ ലഭിച്ചിട്ടുണ്ട് . |
| (സി) | പ്രസ്തുത പദ്ധതി കൂടുതൽ പേരിലേക്ക് വ്യാപിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | നൈപുണ്യ വികസന പരിശീലനങ്ങൾ കൂടുതൽ പേരിലേക്ക് വ്യാപിപ്പിക്കുന്നതിന് എറണാകുളം ജില്ലാ പഞ്ചായത്തിന്റെ പ്രത്യേക ഘടക പദ്ധതി വിഹിതം വകയിരുത്തി എറണാകുളം ജില്ലാ പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി |

| | | | |
|---|---|---|---|
| | | | **മികവ്** എന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. നിലവിൽ സംസ്ഥാനത്തൊട്ടാകെയുള്ള പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഓഫീസുകൾ മുഖേനയും SC/ST പ്രൊമോട്ടർമാർ മുഖേനയും പരിശീലനം സംബന്ധിച്ച വിവരങ്ങൾ ഗുണഭോക്താക്കളിലേക്ക് എത്തിച്ച് വരുന്നു. നിലവിൽ പരിശീലനം നൽകുന്ന കോഴ്സുകൾക്ക് പുറമെ കൂടുതൽ മേഖലകളിൽ പദ്ധതി വ്യാപിപ്പിക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ